അമൃത ഗേൾസ് ഹൈസ്കൂൾ

പറക്കോട്

# തൂലിക

കലാസൃഷ്ടികൾ




**"Our educational system needs to give equal importance to the intellect and the heart "**

------ **Mata Amritanandamayi**

# ആശംസകൾ.......

ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ അമൃത
ഗേൾസിലെ കുട്ടികൾ തയ്യാറാക്കുന്ന സ്കൂൾ
മാഗസിന് എല്ലാവിധ ആശംസകൾ......



Manager
Amrita GHS Parakode

# ആശംസകൾ.......

ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ അമൃത ഗേൾസിലെ കുട്ടികൾ തയ്യാറാക്കുന്ന സ്കൂൾ മാഗസിന് എന്റെ എല്ലാവിധ പ്രാർത്ഥനയും ആശംസകളും നേരുന്നു...........



**Head Mistress**
**Amrita G.H.S**

*Student Editor*



Arshana Navaz

# ACHIEVEMENT - 2023_24



**Aisha Subash**
Economic Food and Nutrition
State Level
A grade



**Sara Shibu Usman**
Karatte
State Level
A grade



**Devi Krishna**
Book Binding
State Level
A grade



**Juby Sara John**
Karatte
State Level
Participation



**Anjali.K.S**
Cartoon
State Level
B grade

# അമൃത ഗേൾസ് എച്ച് എസ് പറക്കോട്
# ചരിത്രം



പരമ്പരാഗതമായി കാർഷിക വൃത്തിയിൽ അധിഷ്ഠിതമായ ജീവിതം നയിച്ചിരുന്ന പറക്കോട് നിവാസികൾക്ക് താങ്കളുടെ കുട്ടികളെ വിദ്യാഭാസം ചെയ്യിക്കാനുള്ള സാഹചര്യം വിരളമായിരുന്നു. പാരമ്പര്യ രീതിയിലുള്ള ഒന്നു രണ്ടു പ്രൈമറി വിദ്യാലയങ്ങൾ കഴിച്ചാൽ ഉന്നതവിദ്യാഭ്യാസം കയ്യെത്താത്ത ദൂരത്തിലായിരുന്നു. ഇംഗ്ലീഷ് വിദ്യാഭാസം ഈ പ്രദേശത്തുള്ള ഭൂരിപക്ഷത്തിനും കുറവായിരുന്നു. വിദ്യാഭ്യാസ പരമായും സാമൂഹിക പിന്നോക്കം നിന്നിരുന്ന പറക്കോടിന്റ് ഉന്നമനം ലക്ഷ്യമാക്കി ക്രാന്തദർശിയും സർവോപരി ജന സേവനതൽപരനുമായിരുന്ന മാനേജർ അമ്പിയിൽ ആർ. ശങ്കരപ്പിള്ള അവർകൾ തൻ ഭാര്യ പിതാവും സാമൂഹിക പരിഷ്കർത്താവുമായിരുന്ന ശ്രീ ഇടക്കട്ടിൽ ഗോവിന്ദപ്പിള്ള അവർകളുടെ സ്മരണക്കായി സ്ഥാപിച്ചതാണ് പി. ജി. എം ഹൈസ്കൂൾ 1942 ൽ സ്ഥാതപിതമായ ഈ സ്ഥാപനം പിന്നീട് പി ജി എം ബോയ്സ് ഹൈസ്കൂൾ പി ജി എം ഗേൾസ് ഹൈസ്കൂൾ, പി ജി എം ടി ടി ഐ എന്നിങ്ങനെ വളരുകയും ഈ പ്രദേശത്തിന്റ് ഇന്നത്തെ വളർച്ചയി നിർണായകമായ പങ്കുവഹിയ്ക്കുകയും ചെയ്തു. 1942 - 43 സ്കൂൾ വർഷത്തിൽ രാജ്യസേവാനിരതനായ കെ ജി പരമേശ്വൻപിള്ള രക്ഷാധികാരിയും അമ്പിയിൽ ശ്രീ ആർ രാഘവനുണ്ണിത്താൻ പ്രധാന അധ്യാപകനും ആയിരുന്നു. സൂക്ളിന്റ് പ്രധാന കെട്ടിടത്തിന്റ് ശിലാസ്ഥാപന കർമ്മം നിർവഹിച്ചത് തിരുവിതാംകൂർ ദിവാനായിരുന്ന ബ്രഹ്മ ശ്രീ വി എസ് സുബ്രഹ്മണ്യ അയ്യരായിരുന്നു. 1947 48 ആയപ്പോഴേക്കും എല്ലാ സൗകര്യങ്ങളോടും കൂടി പി ഗോവിന്ദപ്പിള്ള മെമ്മോറിയൽ ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പടാൻ തുടങ്ങി 1979 ൽ ശ്രീമതി എ എം ഇന്ദിരാദേവ ഹെഡ്മിസ്ട്രസായി G OR TNO.316/79 31-07-1979 നമ്പരായി പി. ജി. എം ഗേൾസ് ഹൈസ്കൂൾ ആരംഭിക്കുകയും ചെയ്തു

പത്തനംതിട്ട ജില്ലയിലെ മനോഹരമായ
അന്തരീക്ഷത്തിൽ പെൺകുട്ടികൾ മാത്രം പഠിക്കുന്ന വിദ്യാലയം ആണ് അമൃത ഗേൾസ് ഹൈസ്കൂൾ, പറക്കോട്. വിശ്വമാത മാതാ അമൃതാനന്ദമയി ദേവിയുടെ മഠത്തിന് അധീനതയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ മാനേജർ പൂജനീയ ത്തുരിയാമൃതാനന്ദപുരി സ്വാമിജി ആണ്.

## ഭൗതികസൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലായാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂൾ, യൂ പി സ്കൂൾ എന്നീ വിഭാഗങ്ങൾക്ക് 6 കെട്ടിടങ്ങളിലായി 28 ക്ളാസ്സ്മുറികൾ, 1ഓഫീസ് മുറി 2 സ്റ്റാഫ് റൂമുകൾ 1 ലൈബ്രറി, 1 കംപ്യൂട്ടർ ലാബ് അടുക്കള എന്നിവ ഉണ്ട്. കുട്ടികൾക്കാവശ്യമായ പഠന സാമഗ്രികൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തരം നൽകുന്നു. വിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. കമ്പ്യൂട്ടർ ലാബിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അമൃത ഗേൾസ് ഹൈസ്കൂൾ അതിന്റെ ഭൗതിക സാഹചര്യങ്ങളിൽ കൂടുതൽ മെച്ചപ്പെട്ടു കൊണ്ടിരിക്കുന്നു ഐ ടി അധിഷ്ഠിത ക്ളാസ്സ് മുറികൾ നവമാധ്യമങ്ങളിലൂടെ ആശയവിനിമയത്തിന് സാധ്യത സൃഷ്ടിക്കുന്നു. എല്ലാ കുട്ടികൾക്കും സൗകര്യപ്രദമായ രീതിയിൽ മികച്ച സൗകര്യങ്ങളോ കൂടി യാണ് സ്മാർട്ട് റൂം ഒരുക്കിയിരിക്കുന്നത്. കുട്ടികളെ വായനയുടെ ലോകത്തേക്ക് കൈപിടിച്ച് ഉയർത്താൻ വിവിധ സാഹിത്യ ശാഖകളിലെ പുസ്തകങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു ലൈബ്രറി ഉണ്ട്. വിവിധ പത്രങ്ങൾ വായനയിലൂടെ അറിവിന്റെ ലോകത്തേക്ക് എത്തിക്കാൻ സജ്ജമാക്കിയിട്ടുണ്ട്. ശാസ്ത്ര പഠനത്തിന് സഹായകമായ സയൻസ് ലാബ് ക്രമീകരിച്ചിരിക്കുന്നതിനോടൊപ്പം കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യുന്ന സൗകര്യങ്ങളും ഒരിക്കിയിട്ടുണ്ട്. കുട്ടികൾക്ക് വേണ്ട
കായികപരിശീലനം നൽകുന്നു. വൃത്തിയുള്ള ശുചിമുറികൾ കുട്ടികൾക്കായി ക്രമീ കരിച്ചിട്ടുണ്ട്. വൃത്തിയും വെടിപ്പുമുള്ള പാചകപ്പുരയിലെ പോഷക സമൃദ്ധമായ ഉച്ചഭക്ഷണം വിതരണം ചെയ്യുന്നു. കൂടാതെ വിവിധ ഔഷധ സസ്യങ്ങൾ പൂക്കൾ ഇവ ഉൾപ്പെടുന്ന ഒരു ഉദ്യാനം സ്കൂളിനെ മനോഹരമാക്കുന്നു ആവശ്യാനുസരണം പഠന സൗകര്യത്തിനായി ബെഞ്ചുകളും ഡെസ് കുകളും ലഭിക്കുന്നതാണ്.

# രചനകൾ

# പ്രസംഗം



ഡെനീറ്റ.
9B

## പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യം

ബഹുമാനപ്പെട്ട അധ്യക്ഷനും പ്രിയപ്പെട്ട ഉദ്ഘാടകനും ഇന്ന് ഇവിടെ വന്നിരിക്കുന്ന എല്ലാവർക്കും എൻറെ നമസ്കാരം ഞാൻ ഇവിടെ പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യത്തെ കുറിച്ചാണ് പറയാൻ വന്നിരിക്കുന്നത് സ്വാഭാവികമായി നിലനിൽക്കുന്ന പ്രകൃതിയെ സംരക്ഷിക്കുന്നതിനായി ചെയ്യുന്ന പ്രവർത്തനങ്ങളെയാണ് പ്രകൃതി സംരക്ഷണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നമ്മൾ മനുഷ്യർ നമ്മുടെ ആവശ്യത്തിനായി നമ്മുടെ പ്രകൃതിയെ ചൂഷണം ചെയ്യുന്നുജീവജാലങ്ങളും ജലവും മരങ്ങളും പൂക്കളും എല്ലാം ദിനംതോറും മനുഷ്യർ നശിപ്പിച്ചുകൊണ്ടിരിക്കുന്നു നഗരവൽക്കരണത്തിന്റെ പേരിൽ മരങ്ങൾ വെട്ടി മുറിക്കുന്നു ഫാക്ടറികളിലെ മാലിന്യങ്ങൾ ജലത്തിലൂടെ ഒഴുക്കിവിടുന്നു അമിതമായ വാഹനങ്ങൾ കാരണം വായു മലിനീകരണം കൂടിയിരിക്കുന്നുഅതുപോലെ പ്രകൃതി വിഭവങ്ങളുടെ അമിത ഉപയോഗവും വയലുകൾ നികത്തുകയും കുന്നുകൾ ഇടിച്ച നിരത്തുകയും മൃഗങ്ങളെ വേട്ടിയാടുകയും മനുഷ്യ പ്രകൃതിയെ ചൂഷണം ചെയ്യുന്നു ഇങ്ങനെ ഭൂമിയുടെ സന്തുലിതാവസ്ഥ താളം തെറ്റിക്കുമ്പോൾ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്നു ഇതിൽ നിന്ന് മോചനം ഉണ്ടാവണമെങ്കിൽ നാം പ്രകൃതിയെ സംരക്ഷിച്ചേ മതിയാകൂ അതിനു വേണ്ടി ആദ്യം പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക നമ്മൾ കടയിൽ സാധനം വാങ്ങിക്കാൻ പോകുമ്പോൾ തുണിസഞ്ചി ഉപയോഗിക്കണം . ആധുനിക കാലത്ത് പ്രകൃതിക്ക് ദോഷമില്ലാത്ത തരത്തിലുള്ള പ്ലാസ്റ്റുകൾ ഇറങ്ങിയിട്ടുണ്ട്. അത് നമ്മൾ ഉപയോഗിക്കാം ഇപ്പോഴത്തെ കാലത്ത് ഒരു വീട്ടിൽ രണ്ടോ മൂന്നോ വാഹനങ്ങൾ ഉണ്ട് അത് ഉപയോഗിക്കുന്നതിന് പകരം പൊതു വാഹനങ്ങൾ ഉപയോഗിക്കാം പ്രകൃതിക്ക് ദോഷമില്ലാത്ത ഇലക്ട്രിക് വാഹനങ്ങൾ കൂടുതൽ ഉപയോഗിക്കുക മരങ്ങൾ വെട്ടി മുറിക്കാത്ത മരങ്ങൾ വെട്ടി മുറിക്കാതെ അതിനെ സംരക്ഷിക്കാം നമ്മുടെ ജീവിത കാലത്തിൽ ഒരു മരം എങ്കിലും നാം വെച്ചുപിടിപ്പിച്ചിരിക്കണം ജനങ്ങൾ ഉപയോഗിച്ച് ഉപയോഗിച്ചുള്ള മാലിന്യങ്ങൾ കളയാം ജനങ്ങളുടെ അശ്രദ്ധമായ പ്രവർത്തികൾ നമ്മുടെ ജീവിതം തന്നെ ആപത്താണ് പ്രകൃതി വിഭവങ്ങൾ അമിതമായി ഉപയോഗിക്കരുത് നമ്മുടെ പരിസ്ഥിതിയും പ്രകൃതിവിഭവങ്ങളും വരും തലമുറയ്ക്ക് കൂടി അവകാശപ്പെട്ടതാണ് എന്ന് നാം മനസ്സിലാക്കണം നമ്മൾ ഓരോരുത്തരും പ്രകൃതിയെ സംരക്ഷിച്ചാൽ നമ്മുക്ക് ഇനിയും ഈ ഭൂമിയിൽ ജീവിക്കാം എന്നാണ് എൻറെ അഭിപ്രായം വരു നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം

നന്ദി നമസ്കാരം

# കാട്ടരുവി




Manoj Kumar.K
Senior clerk
Amrita G.H.S


കാട്ടരുവിയാണവൾ
കാട്ടിലൂടൊഴുകവേ
കൂട്ടത്തിലെത്താൻ
കുതിക്കുന്നു കൂട്ടരും ....

അമ്മതൻ നെഞ്ചിലെ
നീരുറവ പൂണ്ടവൾ
വനജന്യയാണവൾ
കാട്ടുപെണ്ണ്...

ഉറവകൾ ചിന്തി
ത്തെറിച്ചങ്ങ് ചാലുകൾ
അരുവിയായ് ഒഴുകവേ
കാട്ടരുവി...

നാട്ടിലേക്കെത്താൻ
കൊതിക്കുന്ന നേരത്ത്
കാടമ്മ ചൊല്ലുന്നു
കാതിലെന്തോ....

കാക്കണേ മക്കളേ
കാതോർത്തിരിക്കണേ
കാപട്യമേറുന്നു
നാട്ടിലെല്ലാം...

കൗമാരമേറുന്ന
കാട്ടുപെണ്ണാണു നീ
നാട്ടിലൂടൊഴുകവേ
കരുതലോടെ....

മാലിന്ന്യമെറിയുന്ന
മാനവർ നിന്നുടെ
മാനം കവരു-
മെന്നോർമ്മവേണം ...

കുടിനീരു നൽകുന്ന
നിന്നുടൽ മർത്ത്യരും
കുടിലതന്ത്രത്താൽ
മലിനമാക്കും ....

അരുതരുതു മക്കളേ
നാട്ടിലേക്കൊഴുകേണ്ട
കാടകം വിട്ടാൽ
കറുത്തുപോകും...

കളജലം പറ്റിയാൽ
കാഞ്ചനം നിഷ്പ്രഭം
കാട്ടിലൂടൊഴുകു നീ
കാന്തിയോടെ...

സരളമായ് ഒഴുകുന്ന
തീരത്തു നിന്നുഞാൻ
തളിരിട്ടു നിന്നിലായ്
കുളിർമയേകാം....

കാട്ടരുവിയാണവൾ
കാട്ടിലൂടൊഴുകവേ
കൂട്ടത്തിലെത്താൻ
കൊതിക്കുന്നു കൂട്ടരും...

ഉദയരവികിരണങ്ങൾ
ഒളിരുകി നിൽക്കവേ
ഓളപ്പരപ്പിന്റെ
പട്ടുപാവാടയും...

മാതൃത്വവാക്കുകൾ
കാകോളമാക്കുന്നു
കൗമാര തീവ്ര
പ്രവാഹിനിയായ്....

കൂട്ടരോടൊന്നിച്ചു
കാട്ടരുവിയാറായി
നാട്ടിലാക്കതിരിട്ടും
പാടം നനയ്ക്കുന്നു...

തെളിനീരിലൊഴുകുന്ന
ഗ്രാമങ്ങൾ പിന്നിട്ടു
നഗരത്തിലെത്തുമാ-
നിളയാം മഹാനദി ....

കറുകറനിറമുള്ള
മലിനജലമേൽക്കവേ
കരൾനൊന്തു കേഴുന്നു
കാട്ടുപെണ്ണ്....

കാടകം വിട്ടങ്ങുനാട്ടിലേ -
ക്കൊഴുകേണ്ട
കാടമ്മ ചൊന്നത്
കാതോർത്തു ദുഃഖിച്ചു ....

അരുതരുതു മക്കളേ
നാട്ടിലേക്കൊഴുകേണ്ട
കാടകംവിട്ടാൽ
കറുത്തുപോകും ...

കാതങ്ങൾ താണ്ടിയാ
കടലിലേക്കെത്തിതൻ
കാമുകൻ തന്നിൽ
കലർന്നുചേർന്നു .....

അരുണന്റെ ചൂടേറ്റു
പ്രണയിച്ചു പൊന്തിയോൾ
നീരദപ്പെണ്ണവൾ
കാട്ടരുവി ......

# ഒറ്റപ്പെടൽ



Sreelekshmi Binu
8B

ഏകാന്തതയുടെ കടലിൽ
തിരയായി ഞാൻ
അടിക്കുമ്പോൾ
കാറ്റിൽ പറന്നെത്തുന്ന
തുവൽ മാത്രം എൻ കൂട്ട്.
ദുഃഖവും ചിന്തയും പൊട്ടി
മുടക്കുന്ന നറു മണ്ണായി
ഞാനെന്ന
ആത്മാവ് മറ്റൊരു
ലോകത്തിൻ
കവാടത്തിൽ എത്തുന്നു.
സ്വപ്നം കാണുന്ന എൻ
മനക്കണ്ണ് പോലും
ഒറ്റപെടലിൽ
മുങ്ങി മരിക്കുമ്പോൾ
ഞാൻ
അഗ്നിയായി ജ്വലിക്കുന്നു.
എന്നാൽ ചില നേരത്തു
ഏകാകിയാകാൻ
എനിക്കിഷ്ടം,
സമാധാനത്തിൻ ഇളം
കാറ്റായി
പറക്കാൻ എനിക്കിഷ്ടം.
എന്നിലെ ചിന്തകളാകുന്ന
വിത്തുകൾക്ക് ജലം
തളിച്ചു
വളർത്തുന്നത് എൻ
ഒറ്റപ്പെടലാണ്.

# ഓർമ്മയ്ക്ക് ഉറക്കമില്ല



ദേവി കൃഷ്ണ

ഓർമ്മകളിൽ ഞാൻ നീന്തിത്തുടിക്കുമ്പോൾ
ഓർക്കുന്നു ഞാൻ നിൻറെ മുഖം..
മായുന്നില്ല അത് എൻറെ
മനസ്സിൽ നിന്ന് മായിക്കുവാൻ
ഒട്ടും പറ്റുന്നില്ല
മറക്കുവാൻ ആഗ്രഹിക്കുന്നു ഞാൻ
എപ്പോഴും അന്ത്യം ഇല്ലാത്ത ഈ ഓർമ്മകളെ ...
ഓർമ്മകൾക്ക് ഒട്ടും ഉറക്കമില്ലതാനും
ഓർമ്മകൾ ഒട്ടും ഉറങ്ങുകയില്ല
കുട്ടിക്കാലത്തെ ഈ ഓർമ്മകൾ
മറ്റും തുള്ളി കളിക്കുന്നു എൻറെ മനസ്സിൽ
മണ്ണിൽ വളർന്നതാരും ഓർക്കുന്നു ഞാൻ
മണ്ണിൽ കളിച്ചെന്നു മാതാവിന് ശകാരം
ഒട്ടുമേ മാറ്റിയില്ലീ പ്രവർത്തി
കുട്ടിയിൽ നിന്ന് കൗമാരത്തിൽ
എത്തി  മാറ്റങ്ങളോടൊന്നും വന്നിരുന്നു
പുസ്തകസഞ്ചിയും തേൻ മിഠായിയും
കൂടെ നെല്ലിക്കയും ഓർക്കുന്നു ഞാൻ
ചേരത്തിളപ്പിന്റെ കാലം എത്രയോ
വേഗം മാഞ്ഞുപോയി
എത്രവേഗം കാലം കഴിഞ്ഞത്
വാർദ്ധക്യം എന്നെ തളച്ചിടുന്നു
ഓർമ്മയ്ക്ക് എന്ത് സുഗന്ധമെന്ന്
ഓർമ്മിക്കുവാൻ എത്രയോ
മാധുര്യമേ..................

# വിദ്യാമൃദം



Sivani.S
10 B

ചെറുപാദസരമിട്ട്
ചവിട്ടിക്കയറിയ
പടവുകളോരോന്നും
ഓർക്കുന്നു ഞാൻ
അമ്മതൻ കൈപിടിച്ചൊരു
ചെറു പേടിയും
പേറിയാ പടികളും
തൊട്ടറിഞ്ഞു
ഓരോപടികളുമോരോ
കഥപറയും
ആ മറച്ചുവടുമെൻ
കഥപറയും
ആലയമല്ല. വെറും
ചുമരുകളല്ലതെൻ
ജീവൻ തുടിക്കുന്ന
പ്രപഞ്ചം തന്നെ
അറിവുകൾ
ഓരോന്നും
പകർന്നുതന്നെൻ
ജനനി ഉണ്ടെൻ വിദ്യാലയ
ചുമരിനുള്ളിൽ
അമ്മതൻ ക്ഷീരാമൃതം
നുകരുന്ന വെണ്മയായ്
ഞാനാ വിദ്യാരം
നുകർന്നു
പൈതലേപ്പോൽ
ഒരു കവിത കൂടിക്കു
റിച്ചുവെയ്ക്കാമെൻ
വിദ്യാലയത്തിന്റെ
ഓർമകളിൽ
ആ പടികളിറങ്ങാൻ
സമയമായി
എൻ മിഴികൾ നിറയുന്നു

ഞാൻ അറിയാതെ
വെറും പുസ്തക
പാഠങ്ങൾ മാത്രമല്ല
സ്നേഹത്തിൻ പാഠങ്ങൾ
ഞാൻ പഠിച്ചു
ആ പിണക്കവും
ഇണക്കവുമോർക്കുന്നു.
ഞാൻ
സുഹൃത്തുക്കളല്ലവരെൻ
കൂടപ്പിറപ്പുകൾ
മഷികൊണ്ടെഴുതിയ
കാവ്യങ്ങളല്ലവ
എൻ രക്തത്താൽ രചിച്ച
ഇതിഹാസം തന്നെ
മാരോ
അക്ഷരവുമെഴുതിയും
മായ്ച്ചും
നാം ഓരോ
വർഷവുമൊത്തുപോയി
ഹൃദയം നുറുങ്ങുന്ന
വേദനയോടെ
എൻ വിദ്യാലയത്തോട്
വിടപറയവേ
മറക്കില്ലൊരിക്കലും
ഞങ്ങൾക്ക് നീ തന്ന
സ്നേഹവും കരുതലും
നന്ദിയോടെ.........................

# ഷേക്സ്പിയറുടെ ഹൃദയം..



V.G Jaya
UPST

ആകാശമാണ്....
അസാധാരണങ്ങളെ
സാധാരണമായി
കോർത്തെടുത്ത
മഴവില്ലിന്റെ ആകാശം

കൊടുങ്കാറ്റിന്റെ ഹുങ്കാരം
കവിതകളുടെ
ലാളിത്യത്തിൽ മുങ്ങി വീണ
മീട്ടുന്ന വാക്കുകളുടെ താഴ്വാരം
സിക്കോറാക്സ് ഇവിടെ
ഉറങ്ങുന്നു.......
നഗരമാണ്
ശബ്ദമുഖരിതമായ ഒരു
മഹാനഗരം
ഒരു ചെമ്പൻ
കുതിരയുടെ വാലിലെ
രോമങ്ങളെന്നപോലെ
അരയാൽ ശിഖരങ്ങളിലെ
ഇലപ്പച്ചകളായി
അക്ഷരങ്ങൾ
ഇളകിയാർക്കുന്ന ഒരു
നഗരം

ബ്രൂട്ടസ് ഇപ്പോഴും ഈ
നഗരം ഭരിക്കുന്നു.....
കൊടും വനമാണ്
നിഗൂഢതകളുടെ
മധുപാത്രങ്ങളിൽ
തേനിറ്റിക്കുന്ന
ഭൂപടങ്ങൾ ഇല്ലാത്ത
അപഥസഞ്ചാര
പാതകൾ........
ഇരുൾ വിഴുങ്ങുന്ന
രോദനങ്ങളുടെ
നിഴൽപ്പാട്ടുകളിൽ
നിന്നും ശവക്കച്ചകൾ
തുന്നിയൊരുക്കുന്ന വേരുകൾ.
മരണം അരുകിൽ
വന്നിരുന്നിട്ടും മഴപോലെ
പെയ്യുന്ന പുഞ്ചിരികൾ...
അതെ ഓരോ
പുഞ്ചിരിയിലും
വന്യമായൊരു മുരൾച്ച
ഉള്ളിലൊതുക്കി
ഇയാഗോ ഇവിടെ ഉണർന്നിരിക്കുന്നു.......
സമുദ്രമാണത്
വികലമായ ജല്പനങ്ങളുടെ
വിഷമേറ്റ നീലിച്ചമഹാസമുദ്രം
വളക്കൈകൾ കിലുക്കി

ചിരിച്ചു സ്വീകരിച്ചു
ചുഴിച്ചുണ്ടിൽ മണിയറ
ഒരുക്കുന്ന
തിര സുന്ദരിമാരുടെ
കടൽ...
അടിയൊഴുക്കുകളിൽ
പെട്ട് ദിശയറിയാതെ
നീന്തുനൊരു
പ്രണയത്തോട്
കഥകൾ ചൊല്ലി
കൂട്ടുകൂടുന്നുണ്ട്
കാഷ്യസ്......
എനിക്കറിയാം.....
ഷേക്സ്പിയറുടെ ഹൃദയം
മേൽപ്പറഞ്ഞത്
ഒന്നുമല്ലെന്ന്
സാക്ഷ്യപ്പെടുത്തുന്നുണ്ട്
കാലം
ആകാശം വിട്ടു
ഭൂമിയിലേക്ക് വന്നൊരു
നക്ഷത്രമാണത്രേ...............

# നിറകുടം



Abiya S Thomas
10 B

സൂര്യചന്ദ്ര കിരണങ്ങൾ
അലിഞ്ഞു
ചേർന്നീതളികയിൽ
സന്ധ്യ പക്ഷികൾ
ഇണയൊത്ത്
പാർപ്പിടം തേടുന്ന
തളികയിൽ...
കത്തിജ്വലിക്കുമാത്തി
രിക്കരികിലണഞ്ഞു
രാമായണം
ഓതും മുത്തിത്തള്ള
മാനത്തെ കാർമേഘം
ഗർജ്ജിച്ചതും പിന്നെ
ഓടിയണഞ്ഞു ഞാൻ
അമ്മതൻ മടിത്തട്ടിൽ..
ഇപ്പോഴും ഓർക്കുന്നു,
എൻ ചാപല്യം കേട്ട്
മാറത്തടിച്ചയെൻ
അമ്മതൻ പൊൻമുഖം!
ഇപ്പോഴെൻ ചാപല്യം
കാണുവാൻ പ്രതി
പൊൻമുഖം ഇല്ലയോ, ഈ
തളികയിൽ....

# Friendship


Bhadra Priya
9B

To my dear friend I want
you with me forever.
Your affection, and your care
for me, And always makes
My mind pleasant.....
My sorrows always fly away
You are You always give me
your company when I'm
alone.. Always share
my feelings with you
And you remove my
tears flows through
my cheeks and give
advice
And you give me a
sholder tv cry, my stress reliefes,
My painkillers... Novne can
replace to you
I am always thankful
tv you to have me
a anvther life...
And I wish vur
friendship has never
be end...
When we deted
But vur bond
will never be end....

# Poem



Gagana.J
9B

## Story of Nature

OH!.... That precious evening i remember
my snooze....soaring snipe...
And the song of coconut leaves
and the roaring waves........

Ah...look at the endless
blue surface on the above land...
The yellowish-red dot were
attract the blue surface,
In the evening......

The birds were go to
their nest for rest.
And,all the
living being were go to
their sleeping world

But the nature has no
rest , they always work
for the living being.....
And take care of all............
The slowly breeze are
the sleeping song of all animals......

The nature take care of all
But the human being destroy
the beauty of the
"NATURE..!"

# THE LIFE



Nidhi.S.Raj
9B

Some people said that it is a good
life,
And some other said that it is bad
life..
Who know what is right or what's
wrong?
But the one thing i know, only
something.. That's the life is small and
it is dangerous...
Life is like a drama
And, everyone has a great actors in
their own life..
They known what was their life.. But
they manage every problems and make
a smiley faces!
In reality, the life is not same for
all, but they don't reveal the bitter
truth of life..
And, still keep smile on their faces,
the way everyone seems their smile
behind the pain the faces...
That's life....!

# ഉപന്യാസം

## പ്രകൃതി സംരക്ഷണവും മനുഷ്യനും



Arshana Navaz
9B

മനുഷ്യന്റെ നിലനിൽപ്പിന്റെ തന്നെ ആധാരം പ്രകൃതിയാണ് ആ പ്രകൃതിയാണ് ഇന്ന് മനുഷ്യന്റെ ക്രൂരതകൾ ഏറ്റവും കൂടുതൽ ഏറ്റുവാങ്ങുന്നത്.സഹായങ്ങൾക്ക് പകരം പ്രയാസമാണ് പ്രകൃതിക്ക് മനുഷ്യൻ സമ്മാനിക്കുന്നത്. കടന്ന കയറ്റങ്ങൾക്കെതിരെ തീർച്ചയായും പ്രകൃതി തിരിച്ചടിക്കും ആ തിരിച്ചടി മനുഷ്യരാശിക്ക് താങ്ങാൻ ആവുന്നതിനുമപ്പുറം ആയിരിക്കും എന്നത് തീർച്ച ആതിന് ഒരു പരിഹാരമായി പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ചർച്ചചെയ്യേണ്ടത് അത്യാവശ്യമാണ് .

മനുഷ്യന് ആവശ്യമുള്ളത് എല്ലാം പ്രകൃതിയിൽ ഉണ്ട് പക്ഷേ അവൻറെ ആർത്തിയാണ് പ്രശ്നക്കാരൻ എന്ന് പറഞ്ഞത് ഗാന്ധിജിയാണ് ഭക്ഷണത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനും എല്ലാം പ്രകൃതിയെ മാത്രം മനുഷ്യൻ ആശ്രയിച്ചിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു പിന്നീടുള്ള മനുഷ്യൻറെ കണ്ടുപിടുത്തങ്ങൾ മാനവരാശിയെ പുരോഗതിയിലേക്ക് നയിച്ചു അതോടെ പ്രകൃതി നമ്മുടെ മാത്രമായി. മറ്റുള്ള ജീവജന്തുക്കളെ നാം മറന്നു മനുഷ്യനും പ്രകൃതിയും അകന്നു. കാശുണ്ടാക്കാനും തനിക്ക് ആവശ്യമുള്ളത് എടുക്കാനും ഉള്ള വസ്തുവായി മാത്രം മാറി പ്രകൃതി മനുഷ്യരുടെ സ്വാർത്ഥപ്രവർത്തനങ്ങൾ കാരണം മണ്ണും, വിണ്ണും, ജലവും എല്ലാം മലിനമായി ഡൽഹിയിൽ ഇന്ന് നേരിടുന്ന വായുമലിനീകരണ പ്രശ്നവും രാജ്യത്തെ ജലലഭ്യത കുറവും പ്രകൃതിക്ക് നേരെ മനുഷ്യന്റെ കടന്നുകയറ്റം അധികമായി എന്നതിന്റെ അടയാളമാണ്

മനുഷ്യൻ പുരോഗതിയിലേക്ക് എത്തിക്കഴിഞ്ഞു മനുഷ്യ ജീവിതത്തിൽ നിന്ന് ഒഴിവാക്കാൻ ആവാത്ത വിധം പല വസ്തുക്കളും ഇതിനകം മാറി കഴിഞ്ഞിരിക്കുന്നു ആദ്യം തന്നെ വാഹനങ്ങൾ ഇന്നത്തെ കാലത്ത് ഒരു വീട്ടിലേക്ക് നോക്കിയാൽ ഓരോ ആളുകൾക്കും വാഹനമുണ്ടാകും ഇങ്ങനെ

ഓരോ വീടുകളിൽ നിന്നും എല്ലാവരും പുറത്തു പോകുമ്പോഴും എത്രയധികം വിഷവായുവാണ് പുറത്തുപോകുന്നത് അതുകൊണ്ടുതന്നെ 100 ആളുകൾക്ക് 100 വണ്ടി എന്ന കണക്ക് മാറ്റി 100 ആളുകൾക്ക് 1 വണ്ടി എന്ന കണക്കിൽ എത്തേണ്ടത് ആവശ്യമാണ്. കൂടാതെ ഒരു വൃക്ഷം മുറിക്കുമ്പോൾപകരം 100തൈകൾ വച്ചു പിടിപ്പിക്കണം ധാരാളം മരങ്ങൾ ഉണ്ടാകുന്നതിലൂടെ വായുമലിനീകരണത്തിന്റെ അളവും കുറയും പ്ലാസ്റ്റിക് സാധനങ്ങൾക്ക് പകരം ഇലയോ പേപ്പർ സാധനങ്ങളും ഉപയോഗിക്കാം ജല സംഭരണം മറ്റൊരത്യാവശ്യ ഘടകമാണ് കുന്നുകളും മലകളും ഒക്കെ ഇടിച്ചു കളയുമ്പോൾ നാളെ വരൾച്ച നേരിടേണ്ടി വരുമെന്ന് ആലോചിച്ചു അത് മാറ്റിവയ്ക്കാം

പ്രകൃതി സംരക്ഷണം നമ്മുടെ കടമയാണ് പ്രകൃതിക്ക് ഉപകാരപ്പെടുന്ന രീതിയിൽ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കാം പ്രകൃതിയുടെ നേരെയുള്ള ക്രൂരതകളെ ഇല്ലാതാക്കാൻ പ്രകൃതിയോടുള്ള അക്രമണങ്ങൾ അവസാനിപ്പിക്കാൻ സമയമായിരിക്കുന്നു നാം നേരിടുന്ന എല്ലാ പ്രകൃതിദുരന്തങ്ങളും ഇതിന്റെ ഓർമ്മപ്പെടുത്തലുകൾ മാത്രമാണ് നമുക്കിത് അവസാനിപ്പിച്ചേ മതിയാകും പ്രകൃതിയെ സംരക്ഷിച്ചാൽ മാത്രമേ നമുക്ക് നിലനിൽപ്പുള്ളൂ എന്ന സത്യം നാം ഉൾക്കൊള്ളണം

# നല്ല മലയാളം



Anil kumar
HST

* കേരളത്തിലേത് 16.5%  ശതമാനമാണ്(മലയാളത്തിലെ പ്രസിദ്ധമായ ഒരു വാരികം 2023 നവംബർ)

ഇവിടെ ശതമാനം എന്നു പറയുകയും ശതമാനത്ത കാണിക്കുന്ന ചിഹ്നം ഉപയോഗിക്കുകയും ചെയ്തിരിക്കുന്നു. ശതമാനം എന്നാൽ 'നൂറിൽ ഇത്ര' എന്നു സൂചിപ്പിക്കലാണ്. അതിനുള്ള ചിഹ്നമാണ് % ഇത്. സാധാരണയായി 70%,50%,10%, 16% എന്നിങ്ങനെ ചിഹ്നമിട്ട് എഴുതുകയാണ് പതിവ്. ഇതിനൊടൊപ്പം ശതമാനം എന്നുകൂടി എഴുതിയാൽ ആവർത്തനം വരും. അതു ഭംഗിയല്ലല്ലോ.

*അങ്ങിനെയാണെങ്കിൽ മജീദാണ് കൊട്ടാരത്തിലെ രാജകുമാരൻ (മലയാളത്തിലെ പ്രസിദ്ധമായ ഒരു വാരികത്തിൽ പ്രസിദ്ധീകരിച്ചുവരുന്ന നോവലിലെയാണ് പ്രസ്തുതസംഭാഷണശകലം.)

ഇവിടെ അങ്ങിനെ എന്നാണ് എഴുതിയിരിക്കുന്നത്. സംഭാഷണമായതുകൊണ്ടാവാം ഇങ്ങനെയൊരു മാറ്റം. എന്നാൽ ശരിക്കും അങ്ങനെയെന്നാണ് പ്രയോഗിക്കേണ്ടത്. അ+ങനം+ എ എന്നു സന്ധി ചെയ്യുമ്പോൾ, അ ങനം = അങ്ങനം ആയി മാറും. അതിനോടൊപ്പം എ കൂടിച്ചേരുമ്പോൾ അങ്ങനഎന്നും. അല്ലാതെ അങ്ങിനെ എന്നു രൂപമാറ്റം വരുന്നില്ല. സംഭാഷണരീതിയിൽ പ്രാദേശികമായി ഇങ്ങനെ സംഭവിക്കാം. എങ്കിലും വ്യാകരണപരമായി നിലനില്പുള്ളത് അങ്ങനെയ്ക്ക് ആണ്.

# സ്വപ്നത്തിലെ കണ്ണൻ




Ardra T.S
9A

നീളേ മിന്നി നടക്കും
താരക കുഞ്ഞുങ്ങളെ
അന്തിവാനം ചന്തം
ചാർത്തും താരക രത്ന
ജാലങ്ങളെ എൻ്റെ
ജാലകത്തിലൂടെ
എത്തിനോക്കിയാണോ
നാണമാകുന്നു നിങ്ങൾ
രാത്രികൾ സുന്ദരങ്ങളാം
സ്വപ്നലോകത്തിൽ
സഞ്ചരിക്കാതെ നിങ്ങൾ
കണ്ടുവോ സഫലമാകും
ഈ ദേവനെ
ദേവനാകും എൻ കണ്ണനെ

# ചിത്രങ്ങൾ




Anagha M
9B






Pooja Krishnan
9B






Nandana
Nandakumar
9B








Dilshana Baiju
9B





Devayani K S
9B



Pournami
9B







Anusha K.S
10 B






Anjali K.S
8B






Ansalna.A
10 B



Malavika Dipu
Kurup
10 B



# Retirement



K. Bindu



R.Babu Rajan



Vijayakumar



Maniyan Pilla.R

# Staff

## HST



R.Babu Rajan



P.T Sreekala



V.Beena Kumari



Anil Kumar.C



Priya.R



V.S Manju



Rani.G



Remya.P.R



Deepa Kumari.S



G.Chindu



Jayasree.R

# UPST


M.S Bindu


Deepa.G Nair


Jaya V.G


Suja.K


Smitha Rajan.T


Lekshmi.G.Nair


Divya Nair


Angitha.R

# Non-Teaching staff



Manoj Kumar.K



Soumya G Nair



Vijayakumar



Maniyan Pilla.R

**THANK YOU.............**